032:1N:9:11 F2 TAMARATHONI NARAYANA KURUP

MUL
140506

Madras University Library.

Call Number 032 : IN09;11 F2

Accession Number 40506.

Available for loan from

This book should be returned on or before the date last marked below.

O. 61.

Ananda Press, Madras—10,000—19-1-48.

UNIVERSITY LIBRARY
13 MAY 1949
MADRAS.

University Library,
Madras.

# താമരത്തോണി

ഗ്രന്ഥകർത്താ:

പി. നാരായണക്കുറുപ്പ്,

എ. എ. ഓണേഴ്സ്.

മഹാമഹിമശ്രീ കൊച്ചി
അപ്പൻതമ്പുരാൻ തിരു
മനസ്സിലെ അഭിനന്ദ
നത്തോടുകൂടിയത്.

Manorama Printing Works Ltd., Calicut.

With the Author's Compliments.

March 1949.

140506
30398
032:IN09:11
F2

# APPRECIATION

FROM

## His Highness Rama Varma Appan Thampuran of Cochin.

---

Since the Tagore works have become popular among the educated section of Malabar, our vernacular versification has taken a new turn in form, substance and spirit. The innate charm of the Dravidian metres has begun to assert itself. The mysteries of nature are being explored. God is put before man. Intellect is subordinated to emotion and imagination is allowed to fly over dry facts.

Our young poet, Mr P. Narayana Kurup, appears to be a student of the new school of thought with talents far above the ordinary run. He is highly imaginative without being obscure, simple but elegant. His *Thamarathoni* has appealed to my heart more than any other piece of his. It is as pure as the *Crescent Moon* of the Bengal Lyrist. On this I offer him my most hearty congratulations, and earnestly wish the promising young poet produces many such.

Camp Srirangam,<br>25th Dec. 1922.

**(Sd.) Rama Varma Appan<br>Thampuran.**

പരേതനായ അത്ഭുതകവി ശ്രീമാൻ

കെ. സി. നാരായണൻ നമ്പ്യാരുടെ

പാവനസ്മരണയിൽ ഈ ഖണ്ഡ

കൃതികളെ ഞാൻ സ്നേഹപുര

സ്സരം സമർപ്പിക്കുന്നു.

ഗ്രന്ഥകർത്താ.

UNIVERSITY LIBRARY.
13 MAY 1949
MADRAS.

# ചരമം.

ശ്രീമാൻ കെ. സി. നാരായണൻ നമ്പ്യാർ.

---

[കിളിപ്പാട്ട്.]

ആവതല്ലെനിക്കിനിജീവിച്ചിരിപ്പാൻ മേലിൽ
ആവതല്ലരക്കാൽനാഴികപോലിഹത്തിങ്കൽ!
പാവനസുഹൃത്തുക്കൾക്കുത്തംസമായോരതി
പാവനവൃത്താംകവിശ്രേഷ്ഠനെന്നിഷ്ടമിത്രം
കേവലനിയോഗത്താൽ കൈവല്യംപ്രാപിച്ചോരാ-
ജ്ജീവിതവിയോഗമേ നിന്നെ ഞാൻ വന്ദിക്കുന്നേൻ!

കൈരളീമഹിളതൻ ചാരുവാംപൂവാടിയിൽ
സ്വൈരമായ് ലസിച്ചോരീയോമനപ്പൂമരത്തിൻ-

താരങ്ങൾപോലെമിന്നിത്തിളങ്ങും സൂനങ്ങൾതൻ
സൌരഭ്യപൂരമേന്തി കേരളം വീശുന്നേരം,
പാരമാത്ഥികപ്രഭാവത്താൽ നിൻജന്മവൃക്ഷം
വേരററുപതിച്ചയ്യോ നമദസ്തു നാരായണ!

കാവ്യകാമിനിനിൻെറ വൈധവ്യവ്യഥഅസം-
ഭാവ്യമല്ലിഹത്തിങ്കൽ എന്നോത്താശ്വസിച്ചാലും
വൈധവ്യവ്യഥയേക്കാൾ കട്ടപ്പംമിത്രനഷ്ട-
വ്യാധിതന്നാധിയിങ്കൽ ഭവിച്ചുള്ളെൻെറശോകം!
ജീവൻമുക്തിയെപ്രാപിച്ചായ്മനാമവൻദിവ്യ-
ഭാവുകംകൈക്കൊണ്ടാനിന്നെങ്കിലും കാവ്യമോക്കിൽ
ആവതല്ലെനിക്കിനിജ്ജീവിച്ചിരിപ്പാൻ മേലിൽ
ആവതല്ലററ്റാൽ നാഴികപോൽ ഇഹത്തിങ്കൽ!

അത്ഭുതകവിശ്രേഷ്ഠനിബന്ധൻതൻെറജീവി-
താത്ഭുതപ്രഭാവമാം കാവ്യസംകീത്തനത്തെ

പങ്കജോത്ഭവൻ പാടിക്കഴിഞ്ഞു; എന്മാനസ-
ത്തിങ്കലോ മുഴങ്ങുന്നു ശോകസംകീത്തനങ്ങൾ!!

മദ്യപാനോത്സവത്തിൽ മായാമാതാവിന്നനെ-
വേദ്യമായാത്മസൌഖ്യം നൽകിപ്പുഞ്ചിരിപ്പൂക്കൾ
സജ്ജനവൃന്ദങ്ങളിലെറിഞ്ഞും, കാവ്യരത്ന-
മുജ്ജ്വലിച്ചീടും നേത്രംനേരെയായ് പതിപ്പിച്ചും,
നെഞ്ചകം പൊട്ടിച്ചിരിപ്പിക്കുന്ന നേരംപോക്കിൽ
ചാഞ്ചാടും ഭാഷണങ്ങളും, ചൊല്ലീടും ശ്ലോകങ്ങൾതൻ-
ഗാനമാധുര്യങ്ങളുമോക്കുമ്പോൾ വാനോർനാട്ടി-
ന്നാനന്ദദശാരംഭമെന്നതേ ചൊല്ലീടേണ്ടു!!

ഇന്നിവൻ കഥയോക്കിൽ, കേരളഭാഷാകവി-
വൃന്ദങ്ങൾക്കുരിരുട്ടിൽ അമ്പരന്നുഴച്ചതിൽ
ദീപത്തിന്നാഗ്ലേഴുന്ന പൈതങ്ങളെന്നുപരി-
താപത്തിൽ പുലമ്പുംഞാൻ, പേപറഞ്ഞിട്ടന്നെന്നും-

കോപത്തിൽഹസിക്കുമായിരിക്കാം അസൂയാവൻ–
കൂപത്തിൽവസിക്കും മണ്ഡൂകങ്ങൾ ചിലരെല്ലാം.
എങ്കിലും എനിക്കതിൽ ശങ്കയില്ലൊട്ടും എന്തൊ–
ന്നെങ്കിലും ആരെങ്കിലും തൻകലെചൊല്ലീടട്ടേ!

[illegible]ഷമദിക്ക് പ്രശാന്തത്തിൽ തിളങ്ങും നക്ഷത്രങ്ങൾ
തമ്മിലിന്നാഹ്ലാദത്തിൽ എന്തൊന്നുമന്ത്രിക്കുന്നു?
"അംബുദജാലങ്ങളാൽ കേരളസാഹിത്യമാം
അംബരംമങ്ങിത്തുടങ്ങീടുന്നു; തത്രമിന്നും
നിർമ്മലനക്ഷത്രമിന്നാഡംബരത്തെവിട്ടു
നമ്മളേച്ചേർന്നിടാനായ് പിന്തിരിഞ്ഞിടുന്നതാ!
ബാലനക്ഷത്രങ്ങളെ നിങ്ങളോ ഛായാപഥേ
കാലേപോയ് പാരിജാതംവർഷിച്ചുതുടങ്ങുവിൻ!
തിങ്കളിൻ, പൈതലേ നീ ദിവ്യമദ്ധ്വാമൃതം നിൻ
തങ്കക്കാവതിൽക്കെട്ടിക്കൊണ്ടുവന്നിടുവേഗം

കാവ്യമദ്ധ്യാമൃതാദിദിവ്യസാരത്താൽ സദാ
സേവ്യനാമിഃദ്ദഹത്തിൻ കാവുകാരൻ നീയല്ലൊ!!"

എന്നിവർ ചൊല്ലുന്നേരം എന്മനസ്സിങ്കലാരൊ
മന്ദമായ് മന്ത്രിക്കുന്നു "നന്നുനന്നെടൊനിന്റൊ
ഖിന്നത, ലൌകികത്തിന്നിന്നിതു മൎയ്യാദതൻ
ഛിന്നമൊന്നത്രെപാരിൽ; എങ്കിലും തത്വമോൎക്കിൽ,
കാവ്യസാരസ്യവുംനിൻസന്താപസന്തോഷവും,
ഉൎവ്വിയുംദിനേശനും, ചന്ദ്രനും താരങ്ങളും,
സൎവ്വവും, ത്രൈഗുണ്യാദിധൎമ്മങ്ങൾപോലും
അവ്യക്തെ ലയിച്ചീടും എന്നോൎത്താശ്വസിച്ചാലും!!"
ജീവിതരഹസ്യമിച്ചൊന്നപോലെന്നാകിലും
ജീവിതാലസ്യനാം ഞാൻ കാൎയ്യമോൎത്തീടുന്നേരം,
ആവതല്ലയ്യൊ ഇനിജ്ജീവിച്ചിരിപ്പാൻ മേലിൽ
ആവതല്ലയ്യോൽനാഴികപോൽ ഇഹത്തിങ്കൽ!!

# പൂനിലാപ്പൈതൽ.

[കൃഷ്ണഗാഥരീതി.]

കോമളമേഘങ്ങളെങ്ങും വിളങ്ങുന്നു,
ഓമനത്തിങ്കൾ തിളങ്ങിടുന്നു!
പൂനിലാപ്പൈതലിൻ പുഞ്ചിരിത്തേന്മഴ
മാനസപ്പൂക്കളിൽ പെയ്യുന്നേരം
ആനന്ദമാനന്ദം തിങ്കളിന്നാനന്ദം
ആനന്ദമാനന്ദം ലോകങ്ങൾക്കും !!

ഇന്ദ്രനീലാകാശം തന്നിൽകളിക്കുന്ന
ചന്ദ്രക്കലയെ ഞാൻ കൈയ്യിലാക്കി,
ലോലങ്ങളായിന്നുമമ്പിളിക്കൊമ്പുകൾ
നീലപ്പൂമാലകൾകൊണ്ടു കെട്ടി,

മിന്നാമിനുങ്ങുകൾ മിന്നും പൊൻചമ്പകം
തന്നിലൊരൂഞ്ഞാലായ്ത്തൂക്കിപ്പിന്നെ,
കോമളമായുള്ളോരോമനത്തിങ്കളിൻ
പൂമടിയേറിക്കിടന്നുമെല്ലെ,
ഗാനങ്ങളോരോന്നായ് പാടിക്കൊണ്ടാട്ടം ഞാൻ,
ആനന്ദമാനന്ദം ഉഞ്ഞാലാട്ടം !!

താരങ്ങൾ തങ്ങളിൽ പ്രേമവിശേഷത്തിൻ
സാരങ്ങൾ ചൊല്ലുന്നനേരത്തിങ്കൽ,
തങ്ങളോടൊന്നിച്ചു മേവിനതിങ്കളെ
വീണ്ടും കാണാഞ്ഞു തിരയുന്നേരം,
പൂങ്കാവനം തന്നിൽ ഞാൻ കിടന്നാടുന്ന
തങ്കവർണ്ണം പൂണ്ടോരൂഞ്ഞാലായി,
നാണംകൊണ്ടിഞ്ഞുള്ളോരേണാങ്കപ്പൈതലെ
കാണുമ്പോൾ തങ്ങൾക്കുള്ളത്യാനന്ദം

നെഞ്ചകം കൊള്ളാഞ്ഞു കൊഞ്ചിക്കൊണ്ടോമന-
പ്പുഞ്ചിരിയോടവർ നൃത്തംചെയ്യും!
ആനന്ദമാനന്ദം തിങ്കളിന്നാനന്ദം
ആനന്ദമാനന്ദം താരങ്ങൾക്കും!!

മല്ലിതൻസൌരഭ്യംമെല്ലെവെവീശുന്ന
നല്ലിളംതെന്നലിൻ പ്രീതിയോടെ
ചന്ദ്രക്കലയിൽ മയങ്ങിക്കിടന്നുഞാൻ
ഒന്നുമെയോർക്കാതെ ആടുന്നേരം
ആനന്ദം തേടുമെന്നാത്മാവിന്നാനന്ദം
ആനന്ദമാനന്ദം നിത്യാനന്ദം!!

# ഓണക്കാലം

[താരാട്ട്.]

നല്ലോരോണക്കാലമല്ലോ പച്ച-
പ്പുല്ലുകൾ ചാഞ്ചാടിടുന്നു!
വത്സരാന്തേ ലസിച്ചീടും പൂക്കൾ
ഉത്സവം കൊണ്ടാടിടുന്നു.
എന്മനസ്സിൽ കൗതുകങ്ങൾ ചേർക്കു-
മംബരത്തിൻ നീലവർണ്ണം,
ഈക്കാലമേററം തെളിഞ്ഞു സർവ്വ
ദിക്കുകളുല്ലസിക്കുന്നു.
കാററിലാടിക്കളിച്ചീടും ഓണ
പ്പാററകൾക്കേററമാനന്ദം !
കൗതുകം പാരം നിറഞ്ഞു കൊച്ചു

140506
30098
032:1N09:11
F2
UNIVERSITY LIBRARY
13 MAY 1949

പൈതങ്ങൾ പൂവറുക്കുന്നു.
സൂനങ്ങൾ, പാററ, പൈതങ്ങൾ എന്നീ
യാനന്ദ ജീവത്രയങ്ങൾ,
മുന്നം കഴിഞ്ഞൊരു ജന്മം തങ്ങൾ
ഒന്നായിരുന്നതിജ്ജന്മം
കണ്ടറിഞ്ഞിടുന്ന ഭാവം പൂണ്ടു
കൊണ്ടാടുന്നിദ്ദിനമേവം !!
കാവ്യസാരസ്യമേറീടും മനഃ
സേവ്യമാം നല്ലൊരിക്കാലം,
“പ്രേമസാരത്തെ ഗ്രഹിക്കു” എന്നൊ
രോമൽ പ്രമേയമോതുന്നു!
നല്ലൊരോണക്കാലമല്ലോ പച്ച-
പ്പുല്ലുകൾ ചാഞ്ചാടിടുന്നു !

## ഛായാപഥം.

[കൃഷ്ണഗാഥരീതി.]

ആനന്ദശോഭയോടെങ്ങും വിളങ്ങുന്ന
ദേവാമെന്നു ചൊല്ലീടും ലോകത്തിങ്കൽ
വെണ്മണലെങ്ങുമേ മിന്നിത്തിളങ്ങുന്ന
നിർമ്മലമായൊരു പദ്ധതിയെ,
കോമളത്തിങ്കളിൻ പൂനിലാവില്ലാത്ത
ശ്യാമളരാത്രിയിൽ കാണായീടും
പാരിജാതം, മുല്ല, പിച്ചകം തൊട്ടുള്ള
ഗൌരങ്ങളായുള്ള സൂനങ്ങളും,
പൂവിൻ മധുവിന്നാഞ്ഞോഞ്ചിക്കളിച്ചീടും
ധാവള്യമേറുന്ന പാറകളും
നീളെക്കിടക്കുമീപ്പദ്ധതിമദ്ധ്യത്തിൽ

താളത്തിലാടിക്കളിച്ചീടുന്നു!

പാൽനുരയെന്നപോൽ ഉജ്ജ്വലിച്ചീടുമീ
പോൽവഴി തന്നിലായ് ബാലകന്മാർ
ചങ്ങാതിമാരായ പൂക്കളോടൊത്തുകൊ-
ണ്ടെങ്ങുമെനൃത്തവാം ചെയ്തീടുന്നു.
ചഞ്ചലം പൂണ്ടുള്ളോരോമനക്കൈകളെ
കൊഞ്ചലോടമ്പോടെകോർത്തുകൊണ്ടായ്
ബാലന്മാർ തങ്ങളിൽ ആലിംഗനം ചെയ്യാൻ
മോദമോടെ കൂടിയടുത്തീടുമ്പോൾ
ഹാസ്യവിളങ്ങിടുമോമന്മുഖം തമ്മിൽ
പ്രാസങ്ങളെന്നപോൽ ചേർന്നിടുന്നോ-
രാനന്ദം തൂകുന്നകാഴ്ചകണ്ടെന്നുടെ
മാനസമേററം കുളുർത്തിടുന്നു!

വാനോരുനാട്ടിലെ ചാപലമേറ്റുള്ള

മാനിനിമാരും യുവാക്കന്മാരും
കാമിനീകാമുകന്മാരെന്ന ചേർച്ചയിൽ
പൂമയമായുള്ളീദേശത്തിങ്കൽ
കാമങ്ങൾ തങ്ങളിലോതിക്കൊണ്ടോരോന്നായ്
പ്രേമങ്ങളായുള്ള ലീല ചെയ്വാൻ
ശൃംഗാരമെന്നൊരു വാഹനം തന്നിലായ്
എങ്ങുമെ വന്നു നിറഞ്ഞിടുന്നു!
കാമിനിമാർക്കുള്ളോരോമനക്കോറങ്ങൾ
കാമുകന്മാർമെല്ലെ ചൊല്ലുന്നേരം
മന്ദസ്മിതം പൂണ്ടമാനിനിമാരുടൻ
ശൂന്യങ്ങളോരോന്നായ് ചൊല്ലീടുന്നു.
താപത്തിൽ ചെയ്യുന്ന വാദങ്ങളോരോന്നും
കോപത്തിൽ തീരുന്നു മെല്ലെ മെല്ലെ.
വാക്കുകൊണ്ടുത്തര മോക്കാതെയാകുമ്പോൾ

പൂക്കൾകൊണ്ടാവുന്നു കാമിനിമാർ!
പൂക്കളെടുത്തവർ തൽക്കത്തിലന്യോന്യം
ദിക്കുകൾതോറുമെറിഞ്ഞീടുമ്പോൾ
വൈരങ്ങളെന്നപോൽ മിന്നിവീണീടുന്ന
ദൂരത്തിൽ കാണുന്ന സൂനങ്ങളെ
വേരററുവീഴുന്ന താരങ്ങളെന്നു നാം
പാരിങ്കൽ പണ്ടേ പറഞ്ഞീടുന്നു!
എങ്ങുമേ മംഗളശോഭയോടിങ്ങിനെ
ഭംഗിയിൽ ശൃംഗാര രംഗമായി
സൂര്യാങ്ങൾ തിങ്ങിവിളങ്ങിനിന്നീടുന്ന
വാനിങ്കൽ മേവുമിപ്പദ്ധതിയെ
"ഛായാ" തേജസ്സെന്നു ഭൂലോകവാസികൾ
മായാവിലാസത്താൽ ചൊല്ലീടുന്നു!!

—:o:—

# താമരത്തോണി.

[താരാട്ട്.]

കാണുന്നതെന്തമ്മെ വാനിൽ? പൂവിൻ
തോണിയാണൊന്നതു നോക്കു!
തോണിയല്ല,ല്ലതെന്നുണ്ണീ നല്ലൊ-
രേണാങ്കബാലനെന്നോർക്കു.
അല്ലമ്മേ, അമ്മ കേട്ടാലും കുട്ടി-
ചൊല്ലിത്തരാമതിൻ വാർത്ത:—
നാലുപാടും നിറഞ്ഞിട്ടും ഇന്ദ്ര
നീലക്കടലതിൽത്തേടും,
പൊൻതാമരപ്പൂക്കൾകൊണ്ടു ള്ളൊരു
പൂന്തോണിയെന്നറിഞ്ഞാലും!
നാകലോകത്തിലൊളിച്ചു മേവും
„ലോകേശ"നെന്ന കവീന്ദ്രൻ,

പൂന്തോണിയേറിയിരുന്നു   സ്മേര-
കാന്ത്യാതുഴഞ്ഞുവരുന്നു.
അൻപോടെ നീലക്കടലിൽ   നിറ-
ഞ്ഞാമ്പൽ വിരിയുന്നു കാണ്മാൻ!
എന്തിനെ പൈതലറിഞ്ഞു?   ആരി-
മംഗളവാർത്ത പറഞ്ഞു?
തൊട്ടിലിലെന്നെയുറക്കാൻ   അമ്മ
പാട്ടുകൾ പാടുന്നനേരം,
ആട്ടത്തിലുള്ള ലയങ്ങ   ളോർത്തു
പാട്ടുകൾ കേട്ടുമയങ്ങി,
മെല്ലെ കിടന്നു ഞാനാട്ടു   ന്നേര
മല്ലേകളിക്കുന്നു തോണി!
എന്തൊരോമൽ കാഴ്ചയമ്മേ,   അതിൻ
ചന്തം മയക്കുന്നു നമ്മേ!

ഓടക്കുഴലിൻ നിനാദം  മുഴ
ക്കീടുന്നു വാനിലാമോദം!
താമരത്തോണിയിൽ മന്ദം  തുഴ-
ഞ്ഞോമനപ്പുഞ്ചിരിയോടെ,
എന്നരികെയവൻ വന്നു,  തോണി
തന്നിലെന്നേക്കരേററുന്നു.
തോണിയിൽ നിന്നവൻ തെല്ലൊ  ന്നെന്നെ
ക്കാണിപ്പൂ ലോകങ്ങളെല്ലാം!!
തോണിയല്ലല്ലതെന്നുണ്ണീ  നല്ലൊ
രേണാങ്കബാലനെന്നോർക്കൂ.
ചഞ്ചലമില്ലാതെ വാനിൽ  തിങ്കൾ
പുഞ്ചിരിപൂണ്ടുരമിപ്പൂ!
തിങ്കൾക്കിടാവല്ലചെമ്മേ  അതു
ഞാൻ കളിക്കും തോണിയമ്മേ!

എങ്കിലോ കൌതുകമേറം എന്റെ
കുങ്കുമത്തൊട്ടിലൊന്നേറു;
പൊന്മകാനെത്രയും നന്നാ- യെന്റെ
അമ്മയെത്താലോലമാട്ടാം.
പാട്ടുകളെല്ലാം തുടങ്ങാം അമ്മ-
സ്ലാട്ടത്തിൽ മെല്ലെയുറങ്ങാം.
ആട്ടത്തിലുള്ളോരു ഭംഗി യോർത്തു
തൊട്ടിലിലമ്മ മയങ്ങി,
ചാലെ കിടക്കുന്ന നേരം ഇന്ദു
വീലക്കടലത്തിൽ, പാരം
കൌതുകത്തോടെ ചമഞ്ഞു കുഴ
ലൂതും കവീന്ദ്രൻ തുഴഞ്ഞു,
മന്ദം വരുന്നതുകാണാം, ആയ
തിന്നമ്മയൊന്നു നോക്കേണം!!

എന്നോമനപ്പൈതലിൻമെ- യ്യൊഴി-
ഞ്ഞൊന്നുമില്ലമ്മയ്ക്കുകാണ്മാൻ,
അമ്പോടെ എൻപൈതലാട്ടം മൂട്ട
പൂംപാററപോലുള്ളതൊട്ടിൽ
അമ്മയേറീടുന്നതാകിൽ വീണു
ചെമ്മേയുടഞ്ഞുപോമല്ലോ!
പിച്ച കളിക്കുന്നനേരം എന്റെ
കൊച്ചു കിടാവെന്നിൻ സ്മേരം,
അമ്മയ്ക്കു മോദമേകുന്നു; നല്ലൊ
രുമ്മമാ സ്വർഗ്ഗം തരുന്നു!!

ശുഭമസ്തു

# പ്രേമയോഗം

[കിളിപ്പാട്ട്.]

അവ്യക്തമായ്നിന്നുള്ളോരാദ്യകാലത്തിങ്കലും
സുവ്യക്തം മേവിപ്പോന്നു ചിന്മയം ദിവ്യാനന്ദം!
നിശ്ചലം നിരാകാരം എങ്കിലും അക്കാലെ ദി-
വ്യേച്ഛയാം ചിദ്രൂപത്തിൽ ആനന്ദമേകം വാണു!
കാലദിഗ്ഭേദങ്ങളും രൂപവും ബന്ധങ്ങളും,
ബാലയൌവ്വന വൃദ്ധസ്ഥിതിതൻ മാററങ്ങളും
ഒന്നുമേ അറിയാതുള്ളാക്കാലം ഇരുൾപ്രഭ
എന്നുള്ള വ്യത്യാസങ്ങൾ പോലുമേ ഉണ്ടായില.
നിശ്ശബ്ദസമാധിയിൽ നിശ്ചലം ലയിച്ചീടും
ഈശ്വരാത്മാവിന്നത്യാനന്ദത്തിൽ ഉണർവ്വുണ്ടായ്;
ഉണർവ്വോടൊത്തുണ്ടായി മാററങ്ങൾ ചിലതെല്ലാം

ഉണൎന്നിന്നഭാവമാം അവ്യക്താവസ്ഥതന്നിങ്കൽ.
ആനന്ദതേജഃപുഞ്ജമാം ഉജ്ജ്വലിച്ചേററം; ബ്രഹ്മ
മാനസത്തിങ്കൽ നിന്നുള്ളതാവം അത്യാശ്ചൎയ്യം!
തേജസ്സിൽ കാണായ്വന്നു ബ്രഹ്മദിക്ക് പ്രവാഹത്തിൻ
ബീജമാം ബ്രഹ്മചിന്താജ്വാലയാം അരുവിയെ
ആയതിന്നാവസ്ഥയെ ആരുമേ ഓൎക്കുന്നില്ല,
മായതന്നാവസ്ഥവും ഓൎക്കുകിൽ മറെറാന്നല്ല.
ദിക്ക് പ്രവാഹത്തിൽ പരമാണുക്കൾ ചാഞ്ചാടിട്ടു-
മുൽപ്രഭാപൂരത്തിങ്കൽ ചിന്തയും പ്രവേശിച്ചു.
ബ്രഹ്മചിന്തയോടുള്ളോരൈക്യത്തിൻ പ്രഭാവത്താൽ
വിമ്മല രൂപങ്ങളായ് ചമഞ്ഞോരണുക്കളും
നിശ്ശബ്ദനിലയേയും കൈവിട്ടനിഗ്രഹമായ്
വിശ്വസഞ്ചാരം ചെയ്യും നാദബീജമായ് തീൎന്നു.
നാദവൈശിഷ്ട്യത്തിങ്കൽ ലയിപ്പൂ സൂക്ഷ്മസ്ഥൂല
ഭേദമെന്നതും സാക്ഷാൽ ഓങ്കാരപ്രകൎഷമായ്!

നാദത്തിൽലയിച്ചിട്ടും ബ്രഹ്മാകർഷണമത്രേ ഉ-
ണ്മ്യാദിസംശുദ്ധധർമ്മപ്രൌഢസംഘട്ടനത്താൽ,
ചാഞ്ചാടിക്കളിച്ചിട്ടും ഭാനുക്കൾ തേജോഗോള-
സഞ്ചയങ്ങളായ്ത്തീർന്നു ബ്രഹ്മദിക്കിൽ പ്രശാന്തത്തിൽ!
ഗോളജാലങ്ങൾക്കുള്ളോരാഭയാം സമുദ്രത്തിൽ
ഓളങ്ങളെന്നപോലെ ലയിച്ചു ബ്രഹ്മാത്മാവും!

ഇങ്ങിനെ, നാദബ്രഹ്മമെങ്ങുമെ മുഴങ്ങുമീ
ഭംഗിയേറീടുമനന്താനന്ദ ബ്രഹ്മാണ്ഡത്തിൽ
ഉർവ്വിയും ദിനേശനും, ചന്ദ്രനും താരങ്ങളും
സർവ്വവും അന്യോന്യം ബ്രഹ്മചിന്തയിൽനിന്നായ്
നിറഞ്ഞോരാനന്ദത്തിൽ കവിതൻ മനസ്സിൽ നി-
ന്നിറങ്ങും ഗാനംപോലുത്ഭവിച്ചു ശാന്തം ശാന്തം!!

സൃഷ്ടിതൻ പുതുക്കത്തിൽ ദിക്ദേവി അത്യാനന്ദ
വൃഷ്ടിയിൽ സ്നാനം ചെയ്തു പാവനധ്യാനത്താലെ
പ്രത്യക്ഷീകരിപ്പിച്ചു തന്മുഖശകതിയാകും

സത്യത്തെ പ്രേമാനന്ദം സ്ഫുരിക്കും രൂപത്തിങ്കൽ;
പ്രത്യക്ഷമായ്വന്നേരം കാണായിദിഗന്തത്തിൽ
അത്യുഗ്രചലനത്തിൻ കേന്ദ്രമാം ഗോളങ്ങളേ
നീലത്താമരപ്പൂവിൽ നീഹാരബിന്ദുജാലം
ബാലാർക്കപ്രഭയിങ്കൽ വിറച്ചുജ്ജ്വലിക്കുംപോൽ!
ബ്രഹ്മരൂപത്തെക്കണ്ടു മോഹിച്ചദിദേവിതൻ
ജന്മസാഫല്യം നൽകും പ്രേമത്തെ ലഭിപ്പാനായ്
കോമളനീലവർണ്ണം തിളങ്ങും ദിഗന്തമാം
താമരപ്പൂവെ ഓമൽ പ്രേമചിഹ്നപ്പൂവായി
കൊട്ടകങ്ങന്നെന്നപോലെ കണ്ടപ്പോൾപ്രേമയോഗ-
ക്കടക്കണ്ണെയച്ചൂദിദേവിയിൽ ബ്രഹ്മാത്മാവും!
പ്രേമധർമ്മത്തിൻ മൂലം മായാബ്രഹ്മങ്ങളാകും
കാമിനി കാമുകന്മാർ ലീലയ്ക്കായ് ധരിച്ചോരു
പ്രേമമർമ്മജ്ഞമായുള്ളാരൂപമത്രേപാരിൽ
നാമിന്നുധരിക്കുന്ന മാനുഷമായരൂപം !!

64



ജീവിതരഹസ്യത്തിൻ മർമ്മമിന്നോക്കിലെന്തെ-
ന്നാവതില്ലറിഞ്ഞീടാൻ എന്നല്ലോ ചൊല്ലികേൾപ്പൂ !
നിർഗ്ഗുണബ്രഹ്മവാദം ചെയ്തീടും വേദാന്ത-
മ്മാർഗ്ഗത്തിൽ വലഞ്ഞുഴന്നീടുന്നു ചിലരെല്ലാം.
ഉത്തമ മുക്തിമാർഗ്ഗം ഭക്തിയൊന്നെന്നു ചില
തത്വശാസ്ത്രജ്ഞന്മാരാം ഋഷീന്ദ്രന്മാർ ചൊല്ലുന്നു.
ജ്ഞാനയോഗാദി യോഗത്രയങ്ങൾ സായൂജ്യമാം
ആനന്ദം തരുമെന്നു പാർത്ഥസാരഥിതാനും !
മുക്തിമാർഗ്ഗമായിത്ഥം അനേകം യോഗങ്ങളെ
യുക്തിയുക്താനുസാരം വിവക്ഷിച്ചുണ്ടെങ്കിലും
ബ്രഹ്മാണ്ഡസൃഷ്ടിക്കടിസ്ഥാനമായ് നാനാലോക-
ധർമ്മത്തിൻമർമ്മജ്ഞമായ് "പ്രേമയോഗ"മൊന്നല്ലോ!
ആ മായാബ്രഹ്മലീലാലഹര്യുൽഭൃതമാകും
പ്രേമയോഗത്തെ നിങ്ങൾ ആമോദം ഭജിക്കുവിൻ!

UNIVERSITY LIBRARY
13 MAY 1940
MADRAS.
140506
30398
032:INcq:11
F2
B115

1 -- DEC 1949

032:1N:9:11 F2 TAMARATHOPI NARAYANA KURUP

Indic Digital Archive Foundation
gpura.org